Circular No:SBV13/2016-18

# സമസ്ത കേരള സുന്നി ബാലവേദി

**(Under: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ)**
**സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ 0494 2400530**
**website: www.sksbvstate.com, Email: sksbvstate@gmail.com**

*സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് ജംഇയ്യത്തുൽ മുഅല്ലിമീൻ, സുന്നി ബാലവേദി ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്.*

മാന്യരെ, അസ്സലാമു അലൈക്കും.

ക്ഷേമവും ഐശ്വര്യവും നേരുന്നു. നാഥൻ അനുഗ്രഹിക്കട്ടെ. നമ്മുടെ കർമങ്ങൾ സ്വീകരിക്കട്ടെ-ആമീൻ

പുതിയ ഒരു അധ്യയനവർഷംകൂടി നമ്മിലേക്ക് കടന്നുവന്നിരിക്കുന്നു. ചടുലവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിലൂടെ കർമരംഗത്ത് മുന്നേറണമെന്ന് ഓരോരുത്തരെയും സവിനയം ഓർമിപ്പിക്കുന്നു. മാതൃകാപരവും അനുകരണീയവുമായ ഒട്ടേറെ പദ്ധതികളുമായാണ് പോയവർഷങ്ങളിൽ നമ്മുടെ സംഘടന നിറഞ്ഞുനിന്നത്. പുതിയ അധ്യയനവർഷം ആരംഭത്തിൽ തന്നെ പുതിയ കൂട്ടുകാരെ സ്വീകരിക്കാനൊരുങ്ങുന്ന നമ്മൾ കൂടുതൽ ഉത്സാഹത്തോടെയും അതോടൊപ്പം ജാഗ്രതയോടെയും വേണം മുന്നോട്ടുപോവാൻ. അതിനാൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**1. മിഹ്റജാനുൽ ബിദായ (പഠനാരംഭം)**

ബഹു. സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ മദ്റസാ പഠനാരംഭത്തിൽ നടത്തുന്ന മിഹ്റജാനുൽ ബിദായ (മദ്റസാ പഠനാരംഭ ദിനം) ഊർജ്ജിതമായി തന്നെ നടത്തേണ്ടതാണ്. മദ്റസയിലേക്ക് കടന്നുവരുന്ന പുതിയ കൂട്ടുകാരെ പ്രൗഢമായും നിറപ്പകിട്ടോടെയും ആവണം നാം സ്വീകരിക്കേണ്ടത്. കൊടി തോരണങ്ങൾ, ബലൂൺ മുതലായവ തൂക്കിയും മധുരപലഹാരങ്ങൾ നൽകിയും അവരുടെ ആദ്യ ദിനം അവിസ്മരണീയമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. സുന്നി ബാലവേദി കർമപഥത്തിൽ 25 പൂർത്തിയാകുന്ന വർഷമാണ് ഈ അധ്യായന വർഷം എന്ന് ഓർമിപ്പികട്ടെ. മുഖപരിചയം (പരസ്പരം പരിചയപ്പെടൽ), അക്ഷരമുറ്റം (ഇസ്‌ലാമികമായ പാട്ടുകളും കഥകളും പറയൽ) എന്നിവ സംഘടിപ്പിക്കണം. സാധിക്കുമെങ്കിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ പാഠപുസ്തക-ബാഗ് വിതരണം നടത്തുക. (ഒരു യൂണിറ്റിൽ ഒരാൾക്കെങ്കിലും നൽകുക) എല്ലാ പരിപാടികളിലും ഉസ്താദുമാരുടെ സഹകരണം പൂർണമായും ഉറപ്പുവരുത്തി പഠനാരംഭ ദിനാഘോഷം മനോഹരമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സിൽവർ ജൂബിലിയുടെ പ്രചാരണവും ലോഗോയും ബാനറിൽ ചേർക്കാൻ പ്രത്യേകം ശ്രദ്ധിക്കണം

**2. മെമ്പർഷിപ്പ്/യൂണിറ്റ് രൂപീകരണം**

മദ്റസാ യൂണിറ്റുകളിലെ മുഴുവൻ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെയും അംഗങ്ങളാക്കി (പ്രവർത്തക സമിതിയിൽ പെൺകുട്ടികൾക്ക് അംഗത്വമുണ്ടായിരിക്കുന്നതല്ല) മെമ്പർഷിപ്പ് തുകയായ **അഞ്ച് രൂപ വീതം** (അനാഥകളൊഴികെ) പിരിച്ച് പഴയതുപോലെ 50 ശതമാനം റെയ്ഞ്ച് സെക്രട്ടിയെ ഏൽപിക്കേണ്ടതും 50 ശതമാനം മദ്റസാ യൂണിറ്റ് എസ്.ബി.വി. ചെലവുകൾക്കായി വിനിയോഗിക്കാവുന്നതുമാണ്. റെയ്ഞ്ചിൽ ലഭിക്കുന്ന സംഖ്യ നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി **ആഗസ്റ്റ് 20 നകം സെൻട്രൽ കൗൺസിൽ ഓഫീസിലടച്ച് റസീപ്റ്റ് വാങ്ങേണ്ടതും മെമ്പർഷിപ്പ് കൈപറ്റേണ്ടതുമാണ്.** ഓഫീസിലടച്ച സംഖ്യയിൽ നിന്ന് പതിനഞ്ച് ശതമാനം റെയ്ഞ്ചുകൾക്കും പത്ത് ശതമാനം ജില്ലകൾക്കും തൊട്ടടുത്ത അധ്യയനവർഷത്തിൽ ഗ്രാന്റായി നൽകുന്നതാണ്. നിശ്ചിത തിയ്യതിക്കകം തന്നെ മെമ്പർഷിപ്പ് തുക ഓഫീസിൽ അടച്ച് മെമ്പർഷിപ്പ് വങ്ങേണ്ടതും വളരെ വേഗത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് മെമ്പർഷിപ്പ് നൽകേണ്ടതുമാണ്. സിൽവർ ജൂബിലി വർഷമായതിനാൽ കർമപദ്ധതിയിൽ പറഞ്ഞത് പ്രകാരം മദ്റസ ആരംഭത്തിൽ തന്നെ യൂണിറ്റ് ഭാരവാഹികളെ സമയബന്ധിതമായി തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധികണമെന്ന് ഉണർത്തുന്നു. യൂണിറ്റ് രൂപികരണത്തിനാവശ്യമായ ഫോറം റെയിഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ സെക്രട്ടിമാർക്ക് അയച്ചിട്ടുണ്ട്. ലഭിക്കാത്തവർ ഓഫീസുമായി ബന്ധപെട്ട് ഫോറങ്ങൾ കൈപറ്റേണ്ടതാണ്. യൂണിറ്റ് കമ്മിറ്റികൾ ഫോറത്തിൽ ഭാരവാഹികളുടെ പേര് വിവരങ്ങൾ നിലവിലെ എസ്.കെ.എസ്.ബി.വി റെയിഞ്ച് കൺവീനറെ എൽപിക്കേണ്ടതും 2018 ജൂലൈ 22 ന് മുമ്പായി റെയിഞ്ച് രൂപീകരണം പൂർത്തിയാക്കേണ്ടതുമാണ്.

PTO

## സിൽവർ ജൂബിലി

**സമസ്ത കേരള സുന്നി ബാലവേദി കർമപദത്തിൽ 25 പൂർത്തിയാക്കുന്ന സിൽവർ ജൂബിലി നിറവിൽ നിലകൊള്ളുന്ന വർഷമാണല്ലോ 2018. സിൽവർ ജൂബിലിയുടെ പ്രചാരണ പ്രവർത്തനങ്ങൾ യഥാ സമയം നടത്തുവാനും ഓരോ പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിത പെടുത്തുവാനും യൂണിറ്റ് കമ്മിറ്റികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിന്റെ ഭാഗമായി ഓരോ യൂണിറ്റ് തലത്തിലും മദ്റസ അധ്യായന വർഷാരംഭത്തിൽ തന്നെ പ്രചാരണ ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. ബോർഡ് മാറ്റർ എസ്.കെ.എസ്.ബി.വി സ്റ്റേറ്റ് വെബ്സൈറ്റിലും (www.sksbvstate.com) സാമൂഹിക മാധ്യമങ്ങളിലും ലഭ്യമാണ്.**

### സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വാട്സ്ആപ്പ് : **9207000424**

ഇ-മെയിൽ: **sksbvstate@gmail.com**

കൂടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനും ബന്ധപെടുക:

ഫോൺ: **04942400530, 9207000424**

എന്ന്
ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി

10-06-2018

NB: ഈ സർക്കുലർ ഫോട്ടോകോപ്പിയെടുത്ത് മദ്റസകളിലേക്ക് എത്തിക്കേണ്ടതാണ്.